# സേവനം ചെയ്തുകൊണ്ടും ഉപരാമവും പരിധിയില്ലാത്തതുമായ മനോവൃത്തിയിലൂടെ എവർറെഡിയായി ബ്രഹ്മാബാബയ്ക്ക് സമാനം സമ്പന്നമാകൂ

ഇന്ന് മുതു മുതുമുത്തച്ഛൻ തന്റെ നാനാ ഭാഗത്തെയും കോടിയിലും ചില ചിലരിലും ചിലരായ കുട്ടികളുടെ ഭാഗ്യത്തെ കണ്ട് ഹർഷിതനാവുകയാണ്. ഇത്രയും വിശേഷ ഭാഗ്യം മറ്റാർക്കും തന്നെ ലഭിക്കുകയില്ല. ഓരോരോ കുട്ടികളുടെയും വിശേഷതയെ കണ്ട് ഹർഷിതനാവുകയാണ്. ഏതു കുട്ടികളാണോ ബാപ്ദാദയോട് ഹൃദയം കൊണ്ട് സംബന്ധം യോജിപ്പിച്ചത് ആ ഓരോരോ കുട്ടികളിലും എന്തെങ്കിലും എന്തെങ്കിലും വിശേഷത തീർച്ചയായും ഉണ്ട്. ഏറ്റവും ആദ്യത്തെ വിശേഷത സാധാരണ രൂപത്തിൽ വന്നിരിക്കുന്ന ബാബയെ തിരിച്ചറിഞ്ഞ് എന്റെ ബാബ എന്ന് അംഗീകരിച്ചു. ഈ തിരിച്ചറിവാണ് ഏറ്റവും വലിയ വിശേഷത. ഹൃദയംകൊണ്ട് അംഗീകരിച്ചു എന്റെ ബാബ, ബാബ അംഗീകരിച്ചു എന്റെ കുട്ടി. വലിയ വലിയ തത്വചിന്തകർക്കും ശാസ്ത്രജ്ഞർക്കും ധർമ്മാത്മാക്കൾക്കും തിരിച്ചറിയാൻ കഴിയാഞ്ഞത് ആ സാധാരണ കുട്ടികൾ തിരിച്ചറിഞ്ഞ് തന്റെ അധികാരമെടുത്തു. ആരുതന്നെ വന്നു ഈ സഭയിലെ കുട്ടികളെ കണ്ടാലും മനസ്സിലാക്കുകയില്ല  ഇത്രയും നിഷ്കളങ്കരായ മാതാക്കൾ, ഈ സാധാരണ കുട്ടികൾ ഇത്രയും വലിയ ബാബയെ തിരിച്ചറിഞ്ഞു കഴിഞ്ഞു! അപ്പോൾ ഈ വിശേഷത തിരിച്ചറിയുക, ബാബയെ തിരിച്ചറിഞ്ഞ് തന്റേതാക്കുക, ഇത് താങ്കൾ കോടിയിലും ചില കുട്ടികളുടെ ഭാഗ്യമാണ്. എല്ലാ കുട്ടികളും ആരെല്ലാം സന്മുഖത്തിരിക്കുന്നുവോ അതോ ദൂരെ ഇരുന്ന് സന്മുഖത്ത് അനുഭവം ചെയ്തുകൊണ്ടിരിക്കുന്നുവോ, അപ്പോൾ എല്ലാ കുട്ടികളും ഹൃദയം കൊണ്ട് തിരിച്ചറിഞ്ഞിരിക്കുന്നു. തിരിച്ചറിഞ്ഞു കഴിഞ്ഞുവോ അതോ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണോ? ആര് തിരിച്ചറിഞ്ഞു കഴിഞ്ഞു അവർ കൈ ഉയർത്തു. (എല്ലാവരും കൈ ഉയർത്തി) തിരിച്ചറിഞ്ഞു കഴിഞ്ഞു? നല്ലത്. അപ്പോൾ ബാപ്ദാദ തിരിച്ചറിയുന്നതിനുള്ള വിശേഷതയ്ക്ക് ഓരോരോ കുട്ടികൾക്ക് ആശംസകൾ നൽകുകയാണ്. ആഹാ ഭാഗ്യശാലി കുട്ടികളെ ആഹാ! തിരിച്ചറിയുന്നതിന്റെ മൂന്നാമത്തെ നേത്രം പ്രാപ്തമാക്കി. കുട്ടികളുടെ ഹൃദയത്തിന്റെ ഗീതം ബാപ്ദാദ കേട്ടുകൊണ്ടിരിക്കുകയാണ് ഏതൊരു ഗീതം? നേടേണ്ടിയിരുന്നതെന്തോ നേടിക്കഴിഞ്ഞു. ബാബയും പറയുകയാണ് അല്ലയോ ഓമനമക്കളെ എന്താണോ ബാബയിൽ നിന്നും നേടേണ്ടിയിരുന്നത് നേടിയിരിക്കുന്നു. ഓരോരോ കുട്ടികളും അനേകം ആത്മീയ ഖജനാക്കളുടെ ബാലകനിൽ നിന്നും യജമാനനായി മാറിക്കഴിഞ്ഞു.

അപ്പോൾ ഇന്ന് ബാപ്ദാദ ഖജനാക്കളുടെ യജമാനരായ കുട്ടികളുടെ ഖജനാക്കളുടെ കണക്ക് നോക്കുകയായിരുന്നു. ബാബ ഖജനാക്കൾ എല്ലാവർക്കും ഒരേ പോലെ ഒരേ അളവിൽ നൽകിയിട്ടുണ്ട്. ചിലർക്ക് കോടി, ചിലർക്ക് ലക്ഷം അല്ല നൽകിയിട്ടുള്ളത്. എന്നാൽ ഖജനാക്കളെ അറിയുക എന്നതിലും പ്രാപ്തമാക്കുന്നതിലും ജീവിതത്തിൽ ചേർക്കുന്നതിലും യഥാക്രമമാണ്. ബാപ്ദാദ ഇന്നത്തെ കാലത്ത് വീണ്ടും വീണ്ടും ഭിന്ന ഭിന്ന തരത്തിൽ കുട്ടികൾക്ക് ജാഗ്രത നൽകുകയാണ് സമയത്തിന്റെ സമീപതയെ കണ്ട് അവനവനെ സൂക്ഷ്മ വിശാല ബുദ്ധിയോടെ പരിശോധിക്കൂ  എന്താണ് ലഭിച്ചത്, എന്താണ് എടുത്തത്, നിരന്തരം ആ ഖജനാക്കളാൽ വളർന്നുകൊണ്ടിരിക്കുകയാണോ? പരിശോധന വളരെ ആവശ്യമാണ്. എന്തെന്നാൽ മായ വർത്തമാന സമയം ഭിന്നഭിന്ന രാജകീയ രൂപത്തിലെ അലസതയും, റോയൽ ആലസ്യത്തിന്റെ രൂപത്തിൽ ട്രയൽ ചെയ്തുകൊണ്ടിരിക്കുകയാണ് അതിനാൽ തന്നെ പരിശോധന സദാ ചെയ്തുകൊണ്ട് പോകൂ.  ഇത്രയും ശ്രദ്ധയോടെ, ആലസ്യ രൂപത്തോടെയുള്ള പരിശോധനയല്ല മോശമായതൊന്നും ചെയ്തില്ല, ദു?ഖം നൽകിയില്ല, മോശം ദൃഷ്ടി ഉണ്ടായില്ല, ഈ പരിശോധന കഴിഞ്ഞിരിക്കുന്നു എന്നാൽ നല്ലതിലും നല്ലത് എന്താണ് ചെയ്തത്? സദാ ആത്മീയ ദൃഷ്ടി സ്വാഭാവികമായിരുന്നുവോ? അതോ വിസ്മൃതി സ്മൃതിയുടെ കളി കളിച്ചുവോ? എത്രപേർക്ക് ശുഭ ഭാവന, ശുഭകാമന, ആശിർവാദങ്ങൾ നൽകി? ഇങ്ങനെ സമ്പാദ്യത്തിന്റെ കണക്ക് എത്ര എങ്ങനെയായിരുന്നു? എന്തുകൊണ്ടെന്നാൽ നല്ല രീതിയിൽ അറിയാം സമ്പാദ്യത്തിന്റെ ശേഖരണം കേവലം ഇപ്പോഴേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ സമയം മുഴുവൻ സീസണിലെ സമ്പാദ്യം ശേഖരിക്കാൻ ഉള്ളതാണ്. പിന്നെ മുഴുവൻ സമയം ശേഖരണം അനുസരിച്ച് രാജ്യഭാഗ്യവും പൂജ്യദേവി ദേവതയാകുന്നതിനും ഉള്ളതാണ്. സമ്പാദ്യം കുറവായാൽ രാജ്യ ഭാഗ്യവും കുറവ്, പൂജ്യരാകുന്നതിലും യഥാക്രമം ആകുന്നു. സമ്പാദ്യം കുറവെങ്കിൽ പൂജയും കുറവ്, വിധിപൂർവ്വം സമ്പാദ്യം ഇല്ലെങ്കിൽ പൂജയും വിധിപൂർവ്വമല്ല, ഇടയ്ക്കിടെ വിധി പൂർവ്വമാണെങ്കിൽ പൂജയും പദവിയും ഇടയ്ക്കിടെ. അതിനാൽ ബാപ്ദാദയ്ക്ക് ഓരോരോ കുട്ടികളോടും അതി സ്നേഹമാണ്. അപ്പോൾ ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് ഓരോരോ കുട്ടിയും സമ്പന്നമാകണം, സമാനമാകണം. സേവനം ചെയ്യൂ എന്നാൽ സേവനത്തിലും ഉപരാമം, പരിധിയില്ലാത്തത്.

ബാപ്ദാദ കണ്ടു ഭൂരിഭാഗം കുട്ടികളുടെയും യോഗം അതായത് ഓർമ്മയുടെ വിഷയത്തിൽ താൽപ്പര്യം

അഥവാ ശ്രദ്ധ കുറയുന്നു സേവനത്തിൽ കൂടുതലാണ്. എന്നാൽ ഓർമ്മ കൂടാതെ സേവനത്തിൽ കൂടുതലായാൽ അതിൽ പരിധി വന്നുചേരുന്നു. ഉപരാമവൃത്തി ഉണ്ടാവുകയില്ല. പേരിന്റെയും അംഗീകാരത്തിന്റെയും സ്ഥാനത്തിന്റെയും കലർപ്പ് ഉണ്ടാകുന്നു. പരിധിയില്ലാത്ത മനോവൃത്തി കുറഞ്ഞു പോകുന്നു അതിനാൽ ബാപ്ദാദ ആഗ്രഹിക്കുന്നു  കോടിയിലും ചില, ചിലരിലും ചില എന്റെ കുട്ടികൾ ഇപ്പോൾ മുതൽ എവർറെഡി ആയി മാറണം എന്തിന്? പലരും ചിന്തിക്കുന്നു സമയം വരുമ്പോൾ ആയിക്കോളും എന്നാൽ സമയം താങ്കളുടെ രചനയാണ്, എന്താ രചനയെ തന്റെ അധ്യാപകൻ ആക്കുമോ? രണ്ടാമത്തെ കാര്യം അറിയാം വളരെ കാലത്തെ കണക്കാണ്, വളരെക്കാലത്തെ സമ്പന്നത വളരെ കാലത്തെ പ്രാപ്തി ചെയ്യിക്കുന്നു. ഇപ്പോൾ സമയത്തിന്റെ സമീപതയനുസരിച്ച് വളരെ കാലത്തെ സമ്പാദ്യം ഉണ്ടാകേണ്ടത് ആവശ്യമാണ്, പിന്നെ പരാതി പറയരുത് ഞങ്ങൾ വിചാരിച്ചു വളരെ കാലത്തെ സമയം കിടക്കുന്നുണ്ട് എന്ന്. ഇപ്പോൾ മുതൽ വളരെ കാലത്തെ ശ്രദ്ധ വെയ്ക്കു. മനസ്സിലായോ! ദയവായി ശ്രദ്ധിക്കുക.

ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് ഒരു കുട്ടിയിൽ പോലും ഒരു വിഷയത്തിന്റെയും കുറവ് ഉണ്ടാകാൻ പാടില്ല. ബ്രഹ്മാബാബയോട് സ്നേഹമല്ലേ! സ്നേഹത്തിന്റെ പകരം നൽകുകയില്ലേ! അപ്പോൾ സ്നേഹത്തിന്റെ പകരമാണ് തന്റെ കുറവിനെ പരിശോധിക്കു പകരം നൽകൂ പരിവർത്തനപ്പെടുത്തു. അവനവനെ മാറ്റുക ( ടേൺ) ഇതാണ് പകരം (റിട്ടേൺ). അപ്പോൾ പകരം നൽകാനുള്ള ധൈര്യമുണ്ടോ? കൈ ഉയർത്തിക്കോളൂ, വളരെ സന്തോഷിപ്പിക്കുന്നു. കൈ കണ്ട് ബാപ്ദാദ സന്തോഷിക്കുകയാണ്. ഇപ്പോൾ ഹൃദയത്തിൽ പക്കാ, പക്കാ ഒരു ശതമാനം പോലും കച്ചയല്ല പക്കാ വ്രതം എടുക്കൂ പകരം നൽകുക തന്നെ വേണം. അവനവനെ ടേൺ (പരിവർത്തനം ) ചെയ്യുക.

ഇപ്പോൾ ശിവരാത്രി വരികയല്ലേ! അപ്പോൾ എല്ലാ കുട്ടികൾക്കും ബാബയുടെ ജയന്തി സ്വന്തം ജയന്തി ആഘോഷിക്കുവാനുള്ള ഉണർവ് വളരെ പ്രിയത്തോടെ വരുന്നു. നല്ല നല്ല പരിപാടികൾ ഉണ്ടാക്കുകയാണ്. സേവനത്തിന്റെ പദ്ധതി വളരെ നല്ലതായി ഉണ്ടാക്കുന്നു. ബാപ്ദാദ സന്തോഷിക്കുകയാണ്. പക്ഷേ... പക്ഷേ പറയുന്നത് നല്ലതല്ല. ജഗദമ്പ മാതാവ് പക്ഷേ എന്ന വാക്കിനെ സിന്ധി ഭാഷയിൽ പറയുമായിരുന്നു ലേകിൻ, കിൻ എന്ന് പറയുന്നത് അഴുക്കിനെയാണ്. അപ്പോൾ ലേകിൻ പറയുക അർത്ഥം എന്തെങ്കിലും എന്തെങ്കിലും അഴുക്ക് എടുക്കുക. അപ്പോൾ പക്ഷേ പറയുന്നത് നല്ലതായി തോന്നുന്നില്ല. പറയേണ്ടി വരുന്നു. സേവനങ്ങളുടെ പദ്ധതികൾ ഉണ്ടാക്കുന്നുമുണ്ട്, ഉണ്ടാക്കുകയും ചെയ്യും, എന്നാൽ ഈ വ്രതം എടുക്കുന്നതിന്റെയും പരിപാടി ഉണ്ടാക്കുക. പകരം നൽകുക തന്നെയാണ് എന്തെന്നാൽ ബാപ്ദാദയോ ആരെങ്കിലും ചോദിക്കുന്നു  എങ്ങനെയുണ്ട്? അപ്പോൾ ഭൂരിപക്ഷത്തിനും ഇതാണ് ഉത്തരം വളരെ നല്ലതൊക്കെയാണ് എന്നാൽ ബാപ്ദാദ പറയുന്ന അത്രത്തോളം ഇല്ല. ഇപ്പോൾ ഈ ഉത്തരം ഉണ്ടാകണം എന്താണോ ബാപ്ദാദ ആഗ്രഹിക്കുന്നത് അതുതന്നെയാണ്. കുറിച്ചിടു ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നത് ആ ലിസ്റ്റ് എടുക്കു, പരിശോധിക്കു ബാപ്ദാദ ഇത് ആഗ്രഹിക്കുന്നുണ്ടോ, അതുണ്ടോ ഇല്ലയോ?

ലോകത്ത് താങ്കൾ പൂർവ്വജരിലൂടെ മുക്തി ആഗ്രഹിക്കുന്നു നിലവിളിക്കുകയാണ് മുക്തി തരൂ,മുക്തി തരൂ . ഏതുവരേക്കും ഭൂരിഭാഗം കുട്ടികൾ തന്റെ പഴയ സംസ്കാരം  എന്തിനെയാണോ താങ്കൾ സ്വഭാവം എന്ന് പറയുന്നത്, സ്വാഭാവികമല്ല സ്വഭാവം, അതിൽ കുറച്ച് അല്പം ബാക്കിയുണ്ട് മുക്തമായിട്ടില്ല എങ്കിൽ സർവ്വാത്മാക്കൾക്കും മുക്തി ലഭിക്കുക സാധ്യമല്ല. അപ്പോൾ ബാപ്ദാദ പറയുന്നു  ഹേ മുക്തിദാതാവിന്റെ കുട്ടികളെ മാസ്റ്റർ മുക്തിദാതാ ഇപ്പോൾ അവനവനെ മുക്തമാക്കൂ എങ്കിൽ സർവാത്മാക്കൾക്കും കവാടം തുറന്നു കിട്ടും. പറഞ്ഞുവല്ലോ കവാടത്തിന്റെ താക്കോൽ എന്താണ്? പരിധിയില്ലാത്ത വൈരാഗ്യം. കാര്യമെല്ലാം ചെയ്തോളൂ എന്നാൽ പ്രഭാഷണങ്ങളിൽ പറയുന്നതുപോലെ ഗൃഹസ്ഥത്തിൽ ഉള്ളവർക്ക് കമലപുഷ്പ സമാനമാകണം ഇങ്ങനെ എല്ലാം ചെയ്തുകൊണ്ടും കർത്താവ് എന്ന ഭാവത്തിൽ നിന്നും മുക്തം, വേറിട്ട്, സാധനങ്ങൾക്ക് വശപ്പെടാതെ, സ്ഥാനമാനത്തിന് വശപ്പെടാതെ. എന്തെങ്കിലും എന്തെങ്കിലും കിട്ടണം ഇത് സ്ഥാനമല്ല (പൊസിഷൻ), ഓപ്പോസിഷനാണ് മായയുടെ. നിർമോഹിയും ബാബയുടെ സ്നേഹിയും. എന്താ ബുദ്ധിമുട്ട് ആണോ നിർമോഹിയും സ്നേഹിയും ആകുക? ആർക്കാണ് ബുദ്ധിമുട്ടായി തോന്നുന്നത് അവർ കൈ ഉയർത്തു. (ആരും കൈ ഉയർത്തിയില്ല) ആർക്കും ബുദ്ധിമുട്ട് തോന്നുന്നില്ല എങ്കിൽ പിന്നെ ശിവരാത്രിയ്ക്ക് ഉള്ളിൽ എല്ലാവരും സമ്പന്നമായി മാറും. ബുദ്ധിമുട്ടല്ല എങ്കിൽ ആവുക തന്നെ വേണം. ബ്രഹ്മാബാബയ്ക്ക് സമാനം ആകുക തന്നെ വേണം. സങ്കൽപ്പത്തിലും, വാക്കിലും, സേവനത്തിലും, സംബന്ധ സമ്പർക്കത്തിലും എല്ലാത്തിലും ബ്രഹ്മാബാബക്ക് സമാനം.

ശരി ആരാണോ കരുതുന്നത് ബ്രഹ്മാബാബയോടും ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ് ഫാദർ ആയ ദാദയോടും എനിക്ക് വളരെ വളരെ സ്നേഹമാണ് അവർ കൈ ഉയർത്തു. സന്തോഷിപ്പിക്കേണ്ട കേവലം ഇപ്പോഴിപ്പോൾ സന്തോഷിപ്പിക്കേണ്ട. എല്ലാവരും ഉയർത്തിയിട്ടുണ്ട്. ടിവിയിൽ എടുത്തുകൊണ്ടിരിക്കുകയല്ലേ. ശിവരാത്രിക്ക് ഈ ടിവി നോക്കും കണക്കെടുക്കും. ശരിയാണോ! അല്പം പോലും സമാനതയിൽ വ്യത്യാസമുണ്ടാവരുത്. സ്നേഹത്തിന് പിറകെ അർപ്പണമാവുക എന്താ വലിയ കാര്യമാണോ. ലോകർ അശുദ്ധ സ്നേഹത്തിന് പിറകെ ജീവൻ നൽകാനും തയ്യാറാകുന്നു. കേവലം പറയുകയാണ് അഴുക്കു നൽകു, അത്ര

മാത്രം. നല്ല സാധനം നൽകേണ്ട അഴുക്ക് നൽകി കൊള്ളൂ. ദുർബലതയും കുറവുകളും എന്താണ്? അഴുക്കല്ലേ! അഴുക്ക് സമർപ്പിക്കുക എന്താ വലിയ കാര്യമാണോ! പരിതസ്ഥിതികൾ സമാപ്തമാകട്ടെ, സ്വസ്ഥിതി ശ്രേഷ്ഠമാകട്ടെ. പറയാറുള്ളത് ഇതല്ലേ എന്ത് ചെയ്യാൻ പരിതസ്ഥിതി ഇങ്ങനെയായിരുന്നു. അപ്പോൾ ഇളക്കുന്ന പരിതസ്ഥിതിയുടെ പേര് പോലുമില്ല ഇങ്ങനെ സ്വസ്ഥിതി ശക്തിശാലി ആകണം. സമാപ്തയുടെ തിരശ്ശീല ഉയരുകയാണെങ്കിൽ എല്ലാവർക്കും എന്തു കാണപ്പെടണം? മാലാഖമാർ തിളങ്ങി കൊണ്ടിരിക്കുകയാണ്..എല്ലാ കുട്ടികളും തിളങ്ങി കൊണ്ടിരിക്കുന്നതായി കാണപ്പെടണം അതിനാൽ ഇപ്പോൾ തിരശ്ശീല ഉയർത്തുന്നത് നിർത്തിവെച്ചിരിക്കുകയാണ്. ലോകർ നിലവിളിച്ചു കൊണ്ടിരിക്കുന്നു തിരശ്ശീല മാറ്റു, തിരശ്ശീല മാറ്റു. അപ്പോൾ സ്വന്തം പദ്ധതി സ്വയം തന്നെ ഉണ്ടാക്കു. ഉണ്ടാക്കപ്പെട്ട പദ്ധതി നൽകുന്നില്ലേ എങ്കിൽ പിന്നെ പല കാര്യങ്ങളും സംഭവിക്കുന്നു. തന്റെ പദ്ധതിയിൽ തന്റെ ധൈര്യത്തോടെ ഉണ്ടാക്കൂ. ദൃഢതയുടെ താക്കോലിടു എങ്കിൽ സഫലത ലഭിക്കുക തന്നെ ചെയ്യും. ദൃഢസങ്കൽപം ചെയ്യുകയാണ്, ബാപ്ദാദ സന്തോഷിക്കുന്നു ആഹാ കുട്ടികളെ ആഹാ! ദൃഢസങ്കല്പം ചെയ്തു പക്ഷേ ദൃഢതയിൽ പിന്നെ കുറേശ്ശെ കുറേശ്ശെ ആലസ്യം കലരുന്നു. അതിനാൽ സഫലതയും ഇടയ്ക്ക് പകുതി വിലയ്ക്ക് മുക്കാൽ ശതമാനത്തിൽ ആയിപോകുന്നു. സ്നേഹം 100 ശതമാനം ആണ് എന്നപോലെ പുരുഷാർത്ഥത്തിൽ സമ്പന്നത, ഇതും 100 ശതമാനം ആണ്. കൂടുതൽ ഉണ്ടായാലും കുഴപ്പമില്ല കുറഞ്ഞു പോകരുത്. ഇഷ്ടപ്പെട്ടോ? ഇഷ്ടമല്ലേ? ശിവരാത്രിക്ക് വിസ്മയം കാണിക്കുകയില്ലേ! ആവുക തന്നെ വേണം. ഞാൻ ആകുന്നില്ലെങ്കിൽ പിന്നെ ആരാകും! ഈ നിശ്ചയം വെക്കൂ, നാം തന്നെയായിരുന്നു നാം തന്നെയാണ് ഇനിയും നാം തന്നെയാകും. ഈ നിശ്ചയം വിജയിയാക്കി തീർക്കും. പരദർശനം ചെയ്യരുത്, താങ്കളെ തന്നെ നോക്കുക. പല കുട്ടികളും ആത്മീയ സംഭാഷണം ചെയ്യുന്നുണ്ടല്ലോ, പറയുന്നു നിങ്ങളെ കുറച്ചൊന്നു ശരിയാക്കി തരൂ? പിന്നെ ഞാൻ നേരെ ആയിക്കോളും. ഇവരെ കുറച്ചൊന്നു മാറ്റി തരൂ എങ്കിൽ ഞാനും മാറിക്കോളും. എന്നാൽ അവരും മാറുകയില്ല താങ്കളും മാറുകയില്ല. സ്വയത്തെ മാറ്റുകയാണ് എങ്കിൽ അവരും മാറിക്കോളും. യാതൊരു ആധാരവും വെക്കാതിരിക്കു ഇതുണ്ടെങ്കിലേ ഇത് ഉണ്ടാകു. എനിക്ക് ചെയ്യുക തന്നെ വേണം.

ശരി ആരാണോ ആദ്യത്തെ പ്രാവശ്യം വന്നിരിക്കുന്നത് അവർ കൈ ഉയർത്തു. അപ്പോൾ ആരാണോ ആദ്യമായി വന്നിരിക്കുന്നത് അവർക്ക് വേണ്ടി വിശേഷിച്ച് ബാപ്ദാദ പറയുകയാണ് ഇങ്ങനെയുള്ള സമയത്ത് വന്നിരിക്കുന്നു, സമയം വളരെ കുറച്ചാണ് മിച്ചം ഉള്ളത്. എന്നാൽ ഇത്രയും തീവ്രമായി ചെയ്യൂ ലാസ്റ്റ് നിന്നും ഫാസ്റ്റ് ആയി ഫാസ്റ്റിൽ നിന്നും ഫസ്റ്റ് നമ്പറിലേക്ക് വരൂ. എന്തുകൊണ്ടെന്നാൽ ഇപ്പോൾ കസേരകളി നടക്കുകയാണ്. ഇപ്പോൾ ചിലർ ജയിക്കുന്നു, അവർ ഔട്ട് ആയിട്ടില്ല. വൈകിയാണ് വന്നിരിക്കുന്നത് പക്ഷേ ഫാസ്റ്റായി പോകുന്നതിലൂടെ എത്തിച്ചേരും. കേവലം അവനവനെ അമൃതവേളയിൽ അമർഭവ വരദാനം ഓർമ്മപ്പെടുത്തുക. ശരി എല്ലാവരും ചിലർ ദൂരെ നിന്നും, ചിലർ അടുത്തുനിന്നും വന്നിരിക്കുന്നു. എന്തായാലും തന്റെ വീട്ടിലേക്ക് എത്തി. സംഘടന നല്ലതായി തോന്നുന്നു. ടിവിയിൽ കാണുന്നില്ലേ. സഭ നിറയുന്നതിലൂടെ എത്ര നല്ലതായി തോന്നുന്നു. ശരി. അപ്പോൾ എവർറെഡി? എവർറെഡിയുടെ പാഠം പഠിക്കുമല്ലോ ശരി.

മധുബൻ നിവാസികളോട് : മധുബൻകാർ കൈ ഉയർത്തു. ധാരാളം ഉണ്ട്. മധുബൻകാർ ആതിഥേയരാണ്, മറ്റുള്ളവർ അതിഥികളായി വരുന്നു, പോകുന്നു, മധുബൻകാർ ആതിഥേയരാണ്. സമീപസ്ഥരുമാണ് പ്രിയപ്പെട്ടവരുമാണ്. മധുബൻകാരെ കണ്ട് എല്ലാവരും സന്തോഷിക്കുന്നില്ലേ. ഏതു സ്ഥലത്ത് മധുബൻകാർ പോകുമ്പോഴും ഏത് ദൃഷ്ടിയോടെയാണ് കാണാറുള്ളത്. ആഹാ മധുബനിൽ നിന്നും വന്നിരിക്കുന്നു! എന്തെന്നാൽ മധുബൻ പേര് കേൾക്കുന്നതിലൂടെ മധുബന്റെ ബാബ ഓർമ്മ വരുന്നു. അതിനാൽ മധുബൻകാർക്ക് മഹത്വമുണ്ട്. ഉണ്ടോ മഹത്വം? സന്തോഷിക്കുന്നില്ലേ! ഇങ്ങനെ പ്രേമപൂർവ്വ പാലനയുടെ സ്ഥലം കോടിയിലും ചിലർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. എല്ലാവരും ആഗ്രഹിക്കുന്നു മധുബനിൽ തന്നെ കഴിയണം, എന്താ താമസിക്കാൻ സാധിക്കുമോ! താങ്കൾ താമസിച്ചു കൊണ്ടിരിക്കുന്നു. മധുബൻകാരെ മറക്കുന്നതേയില്ല, മനസ്സിലാക്കുന്നു ഞങ്ങളെ ചോദിച്ചില്ല പക്ഷേ ബാപ്ദാദ സദാ ഹൃദയത്തിൽ ചോദിക്കുന്നു ആദ്യം മധുബൻകാർ. മധുബൻകാരില്ലെങ്കിൽ എവിടേക്ക് വരാൻ! സേവനത്തിന് നിമിത്തം ആണല്ലോ! സേവാധാരികളെ എത്രതന്നെ ലഭിച്ചാലും പിന്നെയും അടിത്തറ മധുബൻകാരാണ്. അപ്പോൾ ആരാണ് മുകളിൽ ജ്ഞാൻസരോവരത്തിൽ, പാണ്ഡവ ഭവനിൽ അവരേവർക്കും ബാപ്ദാദ ഹൃദയത്തിന്റെ ആശീർവാദങ്ങളും സ്നേഹ സ്മരണയും നൽകുകയാണ്. ഇവിടെ ആരാണ് ടോളി നൽകുന്നത് അത് മുകളിൽ മധുബനിൽ ലഭിക്കുമോ അപ്പോൾ മധുബൻകാർക്ക് ടോളിയും ലഭിക്കുന്നു, ബോളിയും ലഭിക്കുന്നു, രണ്ടും ലഭിക്കുന്നു. ശരി

ഗ്ലോബൽ ഹോസ്പിറ്റൽ കാരോട് :എല്ലാ ഹോസ്പിറ്റൽക്കാരും സുഖമായിരിക്കുന്നു എന്തെന്നാൽ ഹോസ്പിറ്റലിന്റെയും വിശേഷ പാർട്ട് ആണല്ലോ. വരുന്നത് താഴെയാണ്. കുറച്ചു പേരാണ് വരുന്നത്. ഹോസ്പിറ്റൽ

കാരും നല്ല സേവനം ചെയ്തു കൊണ്ടിരിക്കുന്നു. ഹോസ്പിറ്റലാണല്ലോ കാര്യത്തിലുപയോഗപ്പെടുന്നത്. എപ്പോൾ മുതൽ ഹോസ്പിറ്റൽ തുറന്നത്, അപ്പോൾ മുതൽ എല്ലാവരുടെയും ദൃഷ്ടിയിൽ ഇത് വന്നിരിക്കുന്നു ബ്രഹ്മാകുമാരിമാർ കേവലം ജ്ഞാനമല്ല നൽകുന്നത്,എന്നാൽ സമയത്ത് സഹായവും ചെയ്യുന്നു സാമൂഹിക സേവനവും ചെയ്യുന്നു. ഹോസ്പിറ്റലിന് ശേഷം അബുവിൽ ഈ അന്തരീക്ഷം മാറിയിട്ടുണ്ട്. ആദ്യം ഏത് ദൃഷ്ടിയോടെ നോക്കിയിരുന്നുവോ ഇപ്പോൾ ആ ദൃഷ്ടിയോടെ നോക്കുന്നില്ല. ഇപ്പോൾ സഹയോഗത്തിന്റെ ദൃഷ്ടിയിലൂടെ നോക്കുന്നു. ജ്ഞാനം അംഗീകരിച്ചുവോ അംഗീകരിച്ചില്ലയോ പക്ഷേ സഹയോഗത്തിന്റെ ദൃഷ്ടിയിലൂടെ നോക്കുന്നു കാരണം ഹോസ്പിറ്റൽ കാർ സേവനം ചെയ്തുവല്ലോ. നല്ലതാണ്.

ശരി ഇന്നത്തെ കാര്യം ഓർമ്മയുണ്ടോ?സമ്പന്നമാവുക തന്നെ വേണം എന്തുതന്നെ സംഭവിച്ചാലും സമ്പന്നമാവുക തന്നെ വേണം. ഈ ധ്വനി മുഴങ്ങട്ടെ സമ്പന്നമാകണം സമാനമാകണം ശരി.

നാനാ ഭാഗത്തെയും കോടിയിലും ചില,ചിലരിലും ചില ഭാഗ്യശാലി, ഭഗവാന്റെ കുട്ടികൾ ശ്രേഷ്ഠ ആത്മാക്കൾ സദാ തീവ്രപുരുഷാർഥത്തിലൂടെ എന്ത് ചിന്തിച്ചുവോ അത് ചെയ്തു ശ്രേഷ്ഠമായി ചിന്തിക്കുക, ശ്രേഷ്ഠമായി ചെയ്യുക, ലക്ഷ്യവും ലക്ഷണവും സമാനമാക്കുക, ഇങ്ങനെയുള്ള വിശേഷ ആത്മാക്കൾക്ക് സദാ വളരെ കാലത്തെ പുരുഷാർത്ഥത്തിലൂടെ രാജ്യ ഭാഗ്യവും പൂജ്യരാകുന്നവരായ ശ്രേഷ്ഠ ആത്മാക്കൾക്ക് സദാ ബാബയുടെ സ്നേഹത്തിന് പകരമായി അവനവനെ പരിവർത്തനപ്പെടുത്തുന്ന നമ്പർ വൺ ജയിക്കുന്ന ഭാഗ്യശാലി കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ.

## വരദാനം: വിശ്വ മംഗളകാരിയുടെ ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്ത് വിനാശ ലീലയെ കാണുന്ന സാക്ഷി ദൃഷ്ടാവായി ഭവിക്കട്ടെ.

അന്തിമവിനാശലീലയെ കാണുന്നതിനുവേണ്ടി വിശ്വ മംഗള കാരിയുടെ ഉയർന്ന സ്ഥിതി വേണം. ഏത് സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെയാണോ ദേഹത്തിന്റെ സർവ്വ ആകർഷണങ്ങളും അതായത് സംബന്ധം പദാർത്ഥം സംസ്കാരം പ്രകൃതിയുടെ ഇളക്കത്തിന്റെ ആകർഷണം സമാപ്തമായി പോകുന്നു. ഇപ്പോൾ ഇങ്ങനെയുള്ള സ്ഥിതി ഉണ്ടാകുന്ന അപ്പോൾ സാക്ഷിയെ ദൃഷ്ടാവായി മുകളിലെ സ്ഥിതിയിൽ സ്ഥിതി ചെയ്തു ശാന്തിയുടെ ശക്തിയുടെ കിരണങ്ങൾ സർവ്വ ആത്മാക്കളെയും പ്രതി നൽകുവാൻ സാധിക്കും.

## സ്ലോഗൻ: ബലവാൻ ആകൂ എങ്കിൽ മായയുടെ ശക്തി സമാപ്തമായിക്കൊള്ളും

**അവ്യക്ത സൂചനകൾ : കംബൈൻഡ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
വരദാതാവായ ബാബയും നമ്മൾ വരദാനി ആത്മാക്കളും രണ്ടും കംബൈൻഡ് ആണ്. ഈ സ്മൃതി സദാ ഉണ്ടെങ്കിൽ പവിത്രതയുടെ കുടത്തണൽ സ്വതവേ ഉണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ എവിടെ സർവ്വശക്തിവാൻ ബാബയുണ്ടോ അവിടെ അപവിത്രതയ്ക്ക് സ്വപ്നത്തിൽ പോലും വരാൻ സാധിക്കുകയില്ല. സദാ ബാബയും താങ്കളും യുഗൾ രൂപത്തിൽ കഴിയൂ. സിംഗിൾ അല്ല. സിംഗിൾ ആയി മാറുമ്പോൾ പവിത്രതയുടെ സുമംഗലത പോകുന്നു.